**QUR-AN PADANATHILEKKU**
**ORU THEERTHAYATHRA**
(Malayalam)

by **T. P. KUTTIYAMMU**

Publishers :

**T.P. KUTTIYAMMU SAHIB TRUST** (Regd.)
Thanveer Complex, West Nadakkave, Calicut - 673 011

First Edition : April 1989
Second Edition : July 2004

Printed At :
Hi-speed Prints Calicut

**Rs.**80/-



## പ്രസ്താവന

മർഹൂം ടി.പി.കുട്ടിയമ്മു സാഹിബിന്റെ ഖുർആൻ പഠനത്തിലേക്ക് ഒരു തീർത്ഥയാത്രയുടെ രണ്ടാം ഭാഗത്തിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കാൻ അനുഗ്രഹിച്ച അല്ലാഹുവിന് സർവ്വ സ്തുതിയും. ഈ മഹൽ കൃത്യത്തിന് സഹകരിച്ച കുട്ട്യാമ്മു സാഹിബിനും ട്രസ്റ്റ് അംഗങ്ങൾക്കും അനുഭാവികൾക്കും അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാകട്ടെ.

കുട്ട്യാമു സാഹിബിനെ സംബന്ധിച്ചിടത്തോളം തന്റെ സാമൂഹികവും സാമ്പത്തികവും ഔദ്യോഗികവുമായ എല്ലാ രംഗങ്ങളിലെയും പ്രവർത്തനങ്ങൾ മതാനുഷ്ഠാനങ്ങളുടെ നിസ്തുല ദീനീ സേവനങ്ങളായി വിശ്വസിച്ചിരുന്ന ഒരു വ്യക്തി വിശേഷത്തിന്റെ ഉടമയായിരുന്നു എന്നത് കേരളത്തിനകത്തും പുറത്തും അറിയാവുന്നതാണ്. അചഞ്ചലമായ മതനിഷ്ഠയും അർപ്പണ മനോഭാവത്തോടുള്ള ആതുരസേവയും പരോപകാര തല്പരതയും സ്ഥിരോത്സാഹവും അദ്ദേഹത്തിന്റെ സ്വഭാവ മഹിമക്ക് മാറ്റ്കൂട്ടുന്നു.

കുട്ട്യാമു സാഹിബ് ഉയർത്തിപ്പിടിച്ച ആശയാദർശങ്ങൾ കർമ്മ രംഗത്ത് തുടരുകയും അദ്ദേഹത്തിന്റെ പ്രവർത്തന വേദികൾ സജീവമായി നിലനിറുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് കുട്ട്യാമു സാഹിബ് ട്രസ്റ്റ് രൂപീകരിച്ചത്. തൽ സംബന്ധമായ ട്രസ്റ്റിന്റെ വിവിധ പരിപാടികളിൽ പ്രഥമ സംരംഭമായിരുന്നു, 1989ൽ ഖുർആൻ പഠനത്തിലേക്ക് ഒരു തീർത്ഥയാത്ര എന്ന അദ്ദേഹത്തിന്റെ കൈയ്യെഴുത്ത് പ്രതിയുടെ ആദ്യ പതിപ്പിന്റെ പ്രസിദ്ധീകരണം.

ഖുർആൻ ആഴവും പരപ്പും ആശയ സൗന്ദര്യവും പ്രകാശിച്ചു നില്ക്കുന്ന ഒരു കൃതി എന്ന നിലയിൽ അഭ്യുദയകാംക്ഷികളുടെയും ഖുർആൻ പഠിതാക്കളുടെയും താല്പര്യം പരിഗണിച്ചാണ് ഈ കൃതിയുടെ രണ്ടാംപതിപ്പ് (രണ്ടാം ഭാഗംമാത്രം) ട്രസ്റ്റ് പ്രസിദ്ധീക

രിക്കുന്നത്. പണ്ഡിത പാമര വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരു പോലെ പ്രയോജനപ്രദവും വിജ്ഞാനദായകവും ചിന്തോദ്ദീപകങ്ങളുമാണ് ഇതിലെ ലേഖനങ്ങളെന്ന് പ്രത്യേകം പറയാൻ ആഗ്രഹിക്കുന്നു.

രണ്ടാം പതിപ്പിന്റെ പ്രസിദ്ധീകരണത്തിന് വിലയേറിയ ഉപദേശങ്ങൾ നല്കി ഇതിന്നു രൂപം നല്കിതന്ന ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ് ഡയറക്ടർ ശൈഖ് മുഹമ്മദ് കാരക്കുന്ന് അവർകൾക്കും അവതാരിക തയാറാക്കിയ പ്രൊ.വി.മുഹമ്മദ് സാഹിബിനും കുട്ട്യാമ്മു സാഹിബ് ട്രസ്റ്റ് നന്ദി രേഖപ്പെടുത്തുന്നു. ഈ കൃതിയുടെ അച്ചടി സംബന്ധമായ ഒരുക്കങ്ങളിൽ ഞങ്ങളോടൊപ്പം പ്രവർത്തിച്ച ഇ.എ.ബഷീർ (എഡിറ്റർ എം.എസ്.എസ്. ജേർണൽ) ഒപ്പം സഹകരിച്ച ടി.പി.നസീർ ഹുസൈൻ, എം.മരക്കാരുട്ടി (ട്രസ്റ്റ് മെമ്പർമാർ), സലിം, (ഐ.പി.എച്ച്) എന്നിവരോടുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ സസന്തോഷം സ്മരിക്കട്ടെ.


ഈ പ്രസിദ്ധീകരണം വായനക്കാർക്ക് അങ്ങേയറ്റം ഫലപ്രദമാകട്ടെ എന്നും രചയിതാവായ കുട്ടിയമ്മു സാഹിബിന് നിരന്തരം പ്രതിഫലം ലഭിച്ചു കൊണ്ടിരിക്കുന്ന ഒരു സൽക്കർമ്മമായി തീരട്ടെ എന്നും പ്രാർത്ഥിക്കുന്നു.

പി.കെ.അഹമ്മദ് (പ്രസിഡണ്ട്)

എഞ്ചിനീയർ പി.മമ്മു (ജനറൽ സെക്രട്ടറി)

കുട്ടിയമ്മു സാഹിബ് ട്രസ്റ്റ്





**ടി.പി. കുട്ടിയമ്മു**

ജനനം : 20-7-1911

മരണം : 21-7-1987

# ടി.പി. കുട്ടിയമ്മു സാഹിബ്
# പ്രതിഭാസംഗമത്തിന്റെ സുവർണ്ണ പ്രതീകം

ബ്രിട്ടീഷ് ഭരണകാലത്ത് കോഴിക്കോട് ഡപ്യൂട്ടി കളക്ടറായിരുന്ന ഖാൻ ബഹാദൂർ അമ്മു സാഹിബിന്റെ പുത്രനായി 1911 ജൂലൈ 20-ാം തീയതി തലശ്ശേരിയിൽ ജനിച്ചു. തലശ്ശേരി ബ്രണ്ണൻ ഹൈസ്കൂൾ, ബ്രണ്ണൻ കോളേജ്, മദിരാശി ഗിണ്ടി എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കി.

മദ്രാസ് ഗവ: സർവീസിൽ 1936ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായും, 1965ൽ സൂപ്രണ്ടിംഗ് എഞ്ചിനീയറായും സേവനമനുഷ്ഠിച്ചു. കേരള സംസ്ഥാനം നിലവിൽ വന്നപ്പോൾ 1956 മതുൽ 1967വരെ കേരളത്തിൽ ചീഫ് എഞ്ചിനീയർ (ജനറൽ) ആയി പ്രവർത്തിച്ചു. കേരളത്തിലെ നദികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആദ്യമായി ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയത് കുട്ടിയമ്മു സാഹിബാണെന്നത് പ്രത്യേകം സ്മരണീയമാണ്.

കേരളത്തിലെ പള്ളി നിർമ്മാണരംഗത്ത് 'സാരസൻ' ശില്പ മാതൃകയിൽ പുതിയ രൂപകല്പനയ്ക്ക് തുടക്കം കുറിച്ചത് കുട്ടിയമ്മു സാഹിബാണ്. തിരുവനന്തപുരം നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന പാളയം പള്ളി, കോഴിക്കോട് സിറ്റിയിലെ മുഹ്‌യുദ്ദീൻ പള്ളി, പുഴവക്കത്തെ പള്ളി, തലശ്ശേരി സ്റ്റേഡിയം പള്ളി എന്നിവ അദ്ദേഹത്തിന്റെ സേവനയത്നത്തിന്റെയും എഞ്ചിനീയറിംഗ് വൈഭവത്തിന്റെയും ശാശ്വത പ്രതീകങ്ങളാണ്.

മദ്രാസിൽ ജോലിയിലിരിക്കെ നിരവധി പദ്ധതികൾക്ക് അദ്ദേഹം നേതൃത്വം നല്കി. അമരാവതി അണക്കെട്ട്, ആന്ധ്രാപ്രദേശിലെ നാഗാർജ്ജുനാസാഗർ കനാൽ (ഇതിന്റെ പേരുതന്നെ 'കുട്ടിയമ്മു എലയ്മെന്റ്' എന്നാണ്.), കൃഷ്ണാ - പെന്നാർ പദ്ധതി, കേരളത്തിലെ പീച്ചി ഡാം, തണ്ണീർമുക്കം ബണ്ട്, മദ്രാസിലെ പൂണ്ടി ഇറിഗേഷൻ റിസർച്ച് സെന്റർ (ഇത് സ്ഥിതി ചെയ്യുന്ന സ്ഥലം 'കുട്ടിയമ്മു നഗർ' എന്ന പേരിലാണ് അറിയപ്പെടുന്നത്), പീച്ചി ഇറിഗേഷൻ ലബോറട്ടറി എന്നിവ അദ്ദേഹത്തിന്റെ തിളക്കമാർന്ന ധിഷണാചാതുരിക്ക് മാറ്റുകൂട്ടുന്നു.



സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ നിസ്തുല സേവനങ്ങളർപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തലശ്ശേരി മുസ്ലിം അസ്സോസിയേഷൻ, തിരുവനന്തപുരം മുസ്ലിം അസ്സോസിയേഷൻ എന്നിവയുടെ സംഘാടനത്തിൽ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കോഴിക്കോട് സിവിൽ സ്റ്റേഷൻ ഇസ്ലാമിക് സെന്ററിന്റെ നിർമ്മാണത്തിലും പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ സേവനങ്ങൾ നിത്യസ്മരണീയമാണ്.

കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ, കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം, ഏറ്റവും കൂടുതൽ കാലം ചീഫ് എഞ്ചിനീയർ പദവിയിലിരുന്ന വ്യക്തി എന്നീ നിലകളിലും അദ്ദേഹത്തിന്റെ സേവനം സ്മരണീയമാണ്.

ഭൗതികവും ആധ്യാത്മികവുമായ വൈവിധ്യമാർന്ന വൈജ്ഞാനിക മേഖലകളുടെ ആഴങ്ങളിലേക്കിറങ്ങിയ ചിന്തകനായ ഒരെഴുത്തുകാരൻ കൂടിയായിരുന്ന കുട്ടിയമ്മു സാഹിബ്. 'ഹജ്ജ് യാത്രയിലെ സാമൂഹ്യ ചിന്തകൾ', 'ദാറുൽ അമാനത്ത്' തുടങ്ങിയ ഗ്രന്ഥങ്ങൾക്ക് പുറമെ ആനുകാലികങ്ങളിലും സുവനീറുകളിലും വിജ്ഞാനപ്രധാനങ്ങളായ നിരവധി ലേഖനങ്ങൾ അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ 'ഇസ്ലാമിക ദർശനം' എന്ന മഹദ്ഗ്രന്ഥത്തിന്റെ പ്രകാശനത്തിലും അദ്ദേഹം സുപ്രധാന പങ്ക് വഹിച്ചു.

നിരീശ്വരത്വത്തിന്റെ പാതയിൽനിന്നും ശാസ്ത്രനിഗമനങ്ങളെ മതമൂല്യങ്ങളിൽ വേരൂന്നി പഠിക്കാനും വ്യാഖ്യാനിക്കാനും പ്രയോഗവത്കരിക്കാനും അദ്ദേഹം നടത്തിയ നിരന്തര പ്രയത്നത്തിന്റെ ഫലമായിരുന്നു 'ശാസ്ത്രവിചാരം' മാസിക. ഇസ്ലാം മതചിന്തകളിൽ യുക്തിഭദ്രതയുടെ സുവ്യക്ത പ്രകാശനത്തിൽ വലിയൊരു വഴിത്തിരിവായിരുന്നു പ്രസ്തുത മാസിക.

പ്രതിഭാശാലിയായ ശാസ്ത്രനിരൂപകനും, ചിന്തകനും, എഴുത്തുകാരനും, സർവ്വോപരി സമുദായസ്നേഹിയും, മാതൃകാ പുരുഷനുമായിരുന്ന കുട്ടിയമ്മു സാഹിബിന്റെ സ്മരണക്കായി തിരുവനന്തപുരത്ത് സയന്റിഫിക് സെന്ററും കോഴിക്കോട് കുട്ടിയമ്മു സാഹിബ് ട്രസ്റ്റും തലശ്ശേരിയിൽ കുട്ടിയമ്മു സെന്ററും പ്രവർത്തിച്ചുവരുന്നു.

(തയ്യാറാക്കിയത് : ഇ.എ. ബഷീർ)

# ആമുഖം

മതവിഷയങ്ങളിലോ മലയാള ഭാഷയിലോ പാണ്ഡിത്യം അവകാശപ്പെടാനില്ലാത്ത ഒരു സാധാരണക്കാരൻ സാധാരണക്കാർക്കുവേണ്ടി മലയാള പത്രഗ്രന്ഥങ്ങളിൽ എഴുതിയ കുറെ ലേഖനങ്ങളുടെ ഒരു സമുച്ചയമാണ് ഈ പുസ്തകം. 1970ൽ ഞാൻ തിരുവനന്തപുരത്ത് ഉദ്യോഗത്തിലിരിക്കുമ്പോൾ 'ഖുർആൻ പാരായണത്തിലേക്ക് ഒരു തീർത്ഥയാത്ര' എന്ന ശീർഷകത്തിൽ 'പ്രബോധനം' മാസികയിൽ ഒരു ലേഖനപരമ്പര ആരംഭിച്ചു. 40 മുതൽ 56 വരെയുള്ള ലേഖനങ്ങൾ ഈ പരമ്പരയിൽ പ്രബോധനത്തിൽ വന്നു. ഉദ്യോഗം ഒഴിഞ്ഞ് 'ചന്ദ്രിക'യിൽ വരികയും ആഴ്ചതോറും 'ചിതറിയ ചിന്തകൾ' എഴുതിത്തുടങ്ങുകയുമായപ്പോൾ ഖുർആൻ പഠനപരമ്പര തുടർന്നുപേആൻ സൗകര്യപ്പെട്ടില്ല. പിന്നീട് ചന്ദ്രികയിൽനിന്ന് ഒഴിയുകയും അടിയന്തിരാവസ്ഥ വരികയും ചെയ്തപ്പോൾ പഴയ പരമ്പര തുടർന്നുപോവുകയും 57 മുതൽ 59 വരെയും, 61 മുതൽ 70 വരെയുള്ള ലേഖനങ്ങൾ എഴുതുകയും ചെയ്തു. പ്രബോധനം നിരോധിക്കപ്പെട്ടിരുന്നതിനാൽ ഈ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചത് അൽമനാർ, ശബാബ്, ആവനാഴി, ഐക്യം, അരിവാൾ എന്നീ മാസിക വാരികകളിലായിരുന്നു. 8, 9, 18, 20, 21 മുതലായ ലേഖനങ്ങൾ ഇതേ സമയംതന്നെ പലപ്പോഴായി പത്രങ്ങളിലും ഉപഹാരഗ്രന്ഥങ്ങളിലും വന്നവയാണ്. ബാക്കിയുള്ള ലേഖനങ്ങളെല്ലാം ഈ പുസ്തകത്തിനുവേണ്ടി പ്രത്യേകം തയ്യാറാക്കിയതത്രെ. എന്നാൽ പഴയ ലേഖനങ്ങളെല്ലാംതന്നെയും ഈ പുസ്തകത്തിനുവേണ്ടി പുതുക്കി എഴുതിയിട്ടുണ്ട്. ഓരോ ലേഖനവും ഏറെക്കുറെ സ്വയം സമ്പൂർണ്ണമായത്കൊണ്ട് കുറെയൊക്കെ ആവർത്തനം കണ്ടേക്കാം.

ആദ്യത്തെ 38 ലേഖനങ്ങളങ്ങുന്ന ഒന്നാം ഭാഗം വിശുദ്ധ ഖുർആൻ അവരണചരിത്രം, അതിലെ ഉള്ളടക്കം, ഖുർആൻ ലോകത്തുണ്ടാക്കിയ ചലനങ്ങളും ചരിത്രം എന്നിവയാണ്. ഇതെല്ലാം ചെറിയ ചെറിയ ലേഖനങ്ങളിൽ വളരെ സംഗ്രഹിച്ചുകൊണ്ട്; ഖുർആൻ പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് എഴുതിയവയാണ്. അറിവുള്ളവർക്ക് ഇത് പ്രാഥമികമാണെന്ന് തോന്നിയേക്കാം. അറിവ് കുറഞ്ഞ വായനക്കാരെയോർത്ത് ക്ഷമിക്കുവാൻ താൽപര്യം. എന്നാൽ അറിവുള്ളവർക്ക് പോലും ഈ ലേഖനങ്ങളിൽ ചില പുതുമകൾ കണ്ടേക്കാനും മതി. രണ്ടാം



ഭാഗത്തിലെ മിക്ക ലേഖനങ്ങളും ഖുർആൻ ആഴത്തിലും പരപ്പിലും പഠിക്കുന്നതിനെപ്പറ്റിയുള്ള ലേഖനങ്ങളാണ്. അറിവുള്ളവർക്കും അതിൽ കുറെ പുതുമ കണ്ടെത്തിയേക്കാം. എല്ലാ ലേഖനങ്ങളിലും ധാരാളം ഖുർആൻ ആയത്തുകൾ കൊടുത്തത്തന്നെ ഖുർആൻ പഠനത്തിന് വായനക്കാരെ സഹായിക്കും. ലേഖനദൈർഘ്യം ഭയന്ന് ഹദീസുകളോ മറ്റ് ഉദ്ധരണികളോ വളരെ കുറച്ച്മാത്രമെ കൊടുത്തിട്ടുള്ളു. എല്ലാ ലേഖനങ്ങളിലേയും ഉള്ളടക്കം തികച്ചും ആധികാരികമായിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. എന്നാലും പോരായ്മകൾ ഉണ്ടായേക്കും. അവ ചൂണ്ടിക്കാണിച്ചുതരാൻ അപേക്ഷ.

ഈ ലേഖനങ്ങൾ തയ്യാറാക്കുന്നതിന് സഹായകമായ പ്രധാന ഗ്രന്ഥങ്ങളുടെ ഒരു പട്ടിക പുസ്തകത്തിന്റെ അവസാനത്തിൽ കൊടുത്തിട്ടുണ്ട്. പട്ടിയകയിൽ പേരെടുത്ത് പറഞ്ഞിട്ടില്ലാത്ത പുസ്തകങ്ങളും കുറെയൊക്കെ സഹായകമായിട്ടുണ്ട്. ഈ പുസ്തകങ്ങളെല്ലാം കോഴിക്കോട് സിവിൽസ്റ്റേഷൻ ഇസ്ലാമിക് സെന്ററിലെ സെൻട്രൽ ഇസ്ലാമിക് ലൈബ്രറിയിൽ ഉണ്ട്. ഈ ലൈബ്രറിയുടെ സഹായം എനിക്ക് ഗണ്യമായതായിരുന്നു.

ഈ ലേഖനങ്ങളും ഈ പുസ്തകവും തയ്യാറാക്കുന്നതിന് എനിക്ക് പല പണ്ഡിതന്മാരുടെയും സഹായം ലഭിച്ചിട്ടുണ്ട്. അവരുടെ പേരെടുത്ത് പറയാതെ അവരോടുള്ള കടപ്പാട് ഇവിടെ രേഖപ്പെടുത്തുകയാണ്. ഈ പുസ്തകം വായിച്ചുനോക്കി വേണ്ടുന്ന തിരുത്തലുകൾ വരുത്തിയും, ഒരു നല്ല അവതാരിക എഴുതിതന്നും എന്നെ സഹായിച്ച ജനാബ് മുട്ടാണിശ്ശേരിൽ എം. കോയക്കുട്ടി സാഹിബ് അവർകളോടുള്ള നന്ദി നിസ്സീമത്രെ. അതിശയോക്തി നിറഞ്ഞ ഈ അവതാരിക യാതൊരു മാറ്റവും കൂടാതെ ഉൾപ്പെടുത്തണമെന്ന് അദ്ദേഹത്തിന് നിർബന്ധവുമുണ്ടായിരുന്നു. ഈ സംരംഭത്തിന് എന്നെ സഹായിച്ച എല്ലാവരോടും ഞാൻ വളരെ നന്ദിയുള്ളവനാണ്.

അഭ്യസ്ഥവിദ്യരായ വായനക്കാർക്ക് ഇത് ഉപകാരപ്രദമാകുമെന്നും, അവരെ ഖുർആനുമായി അടുപ്പിക്കുവാൻ ഇത് സഹായകമാകുമെന്നും പ്രതീക്ഷിച്ചുകൊണ്ടും, ഒരു സാലിഹായ അമലായി ഇത് സ്വീകരിക്കപ്പെടേണമെന്ന് പ്രാർത്ഥിച്ചുകൊണ്ടും ഇത് സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

01-11-1984 — ടി.പി. കുട്ടിയമ്മു

കോഴിക്കോട്

# ഒന്നാം പതിപ്പിന്റെ അവതാരിക

കറയറ്റ മതഭക്തിയുടെ പട്ടുനൂലിൽ കിടയറ്റ കർമ്മശേഷിയുടെ പവിഴ മണികൾ കോർത്തിണക്കിയ ഒരു മുത്തുമാലയെപ്പോലെയാണ് കേരള മുസ്‌ലിം സമുദായത്തിന്റെ കഴുത്തിൽ കേരളപ്പിറവി ഈ ഉപഹാരം ചാർത്തിക്കൊടുത്തത്. ടി.പി. കുട്ടിയമ്മു സാഹിബ്! തിരുവിതാംകൂറുകാരായ ഞങ്ങളൊക്കെ ഒരു ഇതിഹാസപുരുഷനെ കാണുകയായിരുന്നു അദ്ദേഹത്തിൽ. അങ്ങനെ ഒട്ടും താമസിച്ചില്ല ആ കൈപ്പാടുകൾ കേരള തലസ്ഥാനത്ത് ആരംഭിച്ചുകൊണ്ട് പൊന്തിവരാൻ തുടങ്ങി. 1958ൽ പാളയം പള്ളിയുടെ രൂപരേഖ പ്രസിദ്ധീകൃതമായി. തുടർന്ന് പള്ളികൾ, ഓരോന്നും ഓരോ കലാഭാവങ്ങൾ കാട്ടിക്കൊണ്ട് തലപൊക്കി, കേരളത്തിലുടനീളം വന്നുനിരന്നു. ഏറെത്താമസിച്ചില്ല, സെമിനാറുകൾ, പ്രഭാഷണങ്ങൾ, പഠനങ്ങൾ, സമാജങ്ങൾ, ലീഗുകൾ, സാഹിത്യരംഗം – അങ്ങനെ സമുദായത്തിന്റെ സർവ്വതോന്മുഖമായ പ്രവർത്തനരംഗങ്ങളിലൊക്കെ അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവവും സ്വാധീനവും നിഴലിച്ചുനിന്നു. വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലും, വിദ്യാഭ്യാസ വികസനത്തിലും അദ്ദേഹത്തിന്റെ ആവിഷ്കരണവും പ്രവർത്തനവും സൽഫലങ്ങൾ തരാൻ തുടങ്ങി.

ഇത്തരം പ്രവർത്തനങ്ങളിലെല്ലാം സത്യസന്ധതയും, ഉന്നതനിലവാരവും പുലർത്തേണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. പാളയം പള്ളിയുടെ പണി നടക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ കീഴിലുള്ള വലിയ കോൺട്രാക്ടർമാർ പള്ളിക്ക് സംഭാവനകൾ കൊടുക്കാൻ തയ്യാറായി. പക്ഷേ അദ്ദേഹം പറഞ്ഞു: "അങ്ങനെ പള്ളി തീർന്നേക്കാം. പക്ഷേ അതിനകത്ത് ഞങ്ങൾക്ക് നമസ്കരിക്കാൻ പറ്റുകയില്ല. കേരളത്തിലെ ഒരു പ്രമുഖപള്ളിയും മഖാമും പുതുക്കിപണിയുന്നതിന് സ്ഥലവാസികളിൽ ചിലർ അദ്ദേഹത്തെ വന്നുകണ്ടു. ശവകുടീരം ഗംഭീരമാക്കേണമെന്നതായിരുന്നു അവരുടെ മുഖ്യതാൽപര്യം. അദ്ദേഹം വെട്ടിത്തുറന്നു പറഞ്ഞു: "മഖാമിന് മാസ്റ്റർ പ്ലാൻ ഞാൻ തയ്യാറാക്കുകയില്ല. പള്ളിയുടെ സ്ഥലം ഒരിഞ്ചു കുറക്കാനോ പള്ളിയുടെ പ്രാധാന്യം കുറക്കാനോ ഞാൻ സമ്മതിക്കുകയില്ല." തുടർന്ന് ഓരോരുത്തരുടെയും മുഖത്ത് മാറിമാറി



നോക്കിക്കൊണ്ട് അദ്ദേഹം ചോദിക്കുന്നത് ഈ എഴുതുന്ന ആൾ നേരിട്ട് കേട്ടതാണ്. "പള്ളി പണിയാൻ വന്ന നിങ്ങൾക്കാർക്കെങ്കിലും നമസ്കാരമുണ്ടോ?" അവരിലൊരാളെങ്കിലും നമസ്കരിക്കാറുണ്ടായിരുന്നില്ല. ആയിടക്ക് ഒരിക്കൽ ഖുർആനിലെ ചില ഉപമകളെക്കുറിച്ച് ഞാനദ്ദേഹത്തോട് യാദൃശ്ചികമായി സംസാരിച്ചു. സശ്രദ്ധം കേട്ടുകൊണ്ടിരുന്ന അദ്ദേഹം പറഞ്ഞു: "ഈ വിഷയം നമുക്ക് പള്ളിയിൽ പ്രസംഗിച്ചുകൂടേ" ഞാൻ പറഞ്ഞു: "എനിക്ക് പ്രസംഗം തീരെ വശമില്ല." "സാരമില്ല ഇപ്പോൾ ഇവിടെ പറഞ്ഞത് അവിടെവെച്ച് പറഞ്ഞാൽ മതി." അങ്ങനെ ഖുർആനിലെ ഉപമകൾ എന്ന വിഷയത്തെക്കുറിച്ച് അടുത്ത വെള്ളിയാഴ്ചയും, തുടർന്ന് പാളയം പള്ളിയിൽ നിറഞ്ഞ സദസ്സുകളിലും ഞാൻ പ്രസംഗിച്ചു. എന്റെ കന്നി പ്രസംഗങ്ങൾ! തുടർന്ന് അത് തിരുവനന്തപുരം മുസ്‌ലിം അസോസിയേഷന്റെ ഒരു സ്ഥിരം വേദിയായി മാറി. ഇന്ന് ആ സംഘടന ഒരു വടവൃക്ഷംപോലെ വിവിധ രംഗങ്ങളിൽ വളർന്നു പന്തലിച്ചുനിൽക്കുന്നു.: ശിൽപി മറ്റാരുമല്ല.

എഴുപതുകളുടെ തുടക്കത്തിൽ ചന്ദ്രിക പത്രത്തിന്റെ നടത്തിപ്പിൽ നേരിട്ട് അദ്ദേഹം ചുമതലേറ്റപ്പോൾ വൈക്കം മുഹമ്മദ് ബഷീറിന് തന്റെ ഏറ്റവും വലിപ്പമുള്ള പുസ്തകം ചന്ദ്രിക ആഴ്ചപ്പതിപ്പുകളിലൂടെ എഴുതുന്നതിൽനിന്നും ഒഴിഞ്ഞുമാറുവാൻ കഴിഞ്ഞില്ല. ചന്ദ്രികയുടെ നിലവാരം ഉയർത്തുന്നതിലും അങ്ങനെ സാമൂഹ്യ പ്രവർത്തനിൽ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനും കുട്ടിയാമു സാഹിബിനു സാധിച്ചു. "ചിതറിയ ചിന്തകളി"ലൂടെ സാമൂഹ്യപരിഷ്കരണത്തിന് വിപുലമായ പ്രചരണം ലഭിക്കുകയുണ്ടായി. ചീഫ് എഞ്ചിനീയറായി റിട്ടയർ ചെയ്യുന്ന വർഷത്തിൽ ഡൽഹിയിൽനിന്നും, ചില മറുനാടുകളിൽനിന്നും ഉയർന്ന പദവികളിലേക്ക് അദ്ദേഹത്തിന് ക്ഷണം കിട്ടിയിരുന്നു. അതെല്ലാം അദ്ദേഹം നിരസിക്കുകയാണുണ്ടായത്. അങ്ങനെ പോയിരുന്നുവെങ്കിൽ അദ്ദേഹത്തിന് പണവും പ്രതാപവും ലഭ്യമായിരുന്നേനെ. പക്ഷേ സാമുദായിക പ്രവർത്തനങ്ങൾ നമുക്ക് നഷ്ടപ്പെടുകയും ചെയ്തേനെ.

ഇങ്ങനെ തുടങ്ങി നാനാവിധ പ്രവർത്തനരംഗങ്ങൾ അനായാസം ഒത്തുചേർത്തുകൊണ്ട് സമുദായോന്നമനം ലക്ഷ്യമാക്കി ആത്മാർപ്പണം ചെയ്തിട്ടുള്ള ഈ ധിഷണ മലയാള വായനക്കാർക്ക് കാഴ്ചവെക്കുന്ന ഒരു സമഗ്രഗ്രന്ഥമാണ്. ഞാൻ ഈ മുഖവുര വഴി പരിചയപ്പെടുത്താൻ ഒരുമ്പെടുന്നത് – "ഖുർആൻ പഠനത്തിലേക്ക് ഒരു തീർത്ഥയാത്ര". അതിന്റെ പ്രതിപാദനരീതികൊണ്ട് ഈ രംഗത്തെ മററു മലയാള ഗ്രന്ഥങ്ങളിൽനിന്നും തികച്ചും ഭിന്നമായി അതു നിൽക്കുന്നു. ഖുർആന്റെ പഠനത്തിന് അവിഭാജ്യമായ ഘടകമാണല്ലോ നബി(സ) തിരുമേനിയുടെ

ജീവചരിത്രത്തെപറ്റിയുള്ള അറിവ്. ഈ വസ്തുത മുൻനിർത്തിക്കൊണ്ടല്ലാതെ ഏതു വിഷയത്തിലുള്ള ഏതൊരു പഠനഗ്രന്ഥവും പൂർണ്ണമാകുന്നില്ല. എന്നാൽ ഈ ഗ്രന്ഥത്തന്റെ ഏറ്റവും പ്രകടമായ സവിശേഷത നബി(സ) തിരുമേനിയുടെ ജീവിതസ്വഭാവങ്ങളുടെ പ്രസക്തഭാഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ജീവചരിത്രം ആമുഖമായി നിൽക്കുന്നുവെന്നതാണ്. അത് തികച്ചും നാടകീയമായി ചിത്രീകരണങ്ങൾ സജീവമാക്കിക്കൊണ്ടുള്ളതായി കാണാം. ബദ്റും ഇഹ്ദും നമ്മുടെ കൺമുന്നിൽ നടക്കുന്നതുപോലെ തോന്നിപ്പോകുന്നു. ആ ഭാഗങ്ങൾ വായിക്കുമ്പോൾ ഇസ്‌ലാം മതത്തെക്കുറിച്ചുള്ള ഏത് പഠനത്തിനും അനിവാര്യമായ ഈ അടിത്തറ തുടർന്നുവരുന്ന ഗ്രന്ഥഭാഗങ്ങൾക്ക് അഴകും മിഴിവും നൽകുന്നുവെന്നതിൽ രണ്ടു പക്ഷമില്ല.

നബി(സ) തിരുമേനിയുടെ സ്വഭാവഗുണങ്ങളെങ്ങനെയായിരുന്നുവെന്ന ചോദ്യത്തിന് ആയിശ(റ)യുടെ മറുപടി പ്രസിദ്ധമാണല്ലോ: "കർമ്മശാസ്ത്രസരണികൾ (മദ്ഹബുകൾ) ഇസ്‌ലാമിൽ രൂപംകൊണ്ട ആദ്യനൂറ്റാണ്ടുകളിൽ മതകർമ്മങ്ങൾക്ക് ഏകീകരണം നൽകാൻ ശ്രമിച്ച് ഇമാമുകൾ അനുഷ്ടാനങ്ങളുടെ ബാഹ്യരൂപങ്ങളെ മാത്രമാണ് നിർവ്വചിച്ചത്. അനുഷ്ടാനങ്ങളുടെ ആന്തരീക മൂല്യങ്ങളെയും ഭാവങ്ങളെയും അവർ ഊന്നിപറഞ്ഞില്ല. രണ്ടു കാരണങ്ങൾ ഇതിനുണ്ടായിരുന്നു: ഒന്ന്, മതകർമ്മങ്ങളുടെ നിയ്യത്ത് അഥവാ "ഉദ്ദേശം." ആ കർമ്മങ്ങളുടെ പ്രാധാന വ്യവസ്ഥയായി നൽകപ്പെട്ടതുവഴി, "നിയ്യത്ത്" മതകർമ്മാനുഷ്ടാനത്തിന്റെ ഒരു ഘടകമായി കരുതപ്പെട്ടു. അതായത് "നിയ്യത്ത്" ഒരു കർമ്മാനുഷ്ടാനത്തിൽപ്പെട്ട മറ്റൊരു കർമ്മാനുഷ്ടാനമായി എണ്ണപ്പെട്ടു. ഇതുമൂലം 'നിയ്യത്ത്' അഥവാ ഉദ്ദേശം ഒരു അനുഷ്ടാനത്തിൽ ഉൾക്കൊണ്ടിരിക്കേണ്ട ഒരു മൂല്യമായി കരുതപ്പെട്ടില്ല. ഇതുമൂലം കർമ്മാനുഷ്ടാനങ്ങളുടെ അന്തഃസത്ത തുടർന്നുവന്ന പിൻതലമുറകളിൽ കോട്ടം നേരിട്ടു. രണ്ടാമത്തെ കാരണം, മദ്ഹബുകളുടെ രൂപീകരണം നടന്ന കാലഘട്ടങ്ങളിൽ അനുഷ്ടാനങ്ങളുടെ ധാർമ്മികമൂല്യങ്ങൾ കോട്ടം തട്ടാതെ നിലനിന്നിരുന്നുവെന്നതാണ്. ആദ്യകാല മുസ്‌ലിംകളോട് അടുത്തുനിന്ന് ആ തലമുറകൾക്ക് പൂർവ്വികരുടെ ഗുണമൂല്യങ്ങൾ കുടുതലായി ഉൾക്കൊള്ളുവാൻ കഴിഞ്ഞിരുന്നു. അപ്പോൾ അന്നു സർവ്വസാധാരണമായി ഉണ്ടായിരുന്നതും മതത്തിനോട് അവിഭക്തമായി നിന്നിരുന്നതുമായ ഗുണമൂല്യം പ്രത്യേകം എടുത്തുന്നയിക്കുന്നതിന് അവർ ഊന്നൽ കൊടുത്തില്ല. ഗുണങ്ങളില്ലാതെ അന്ന് മതം നിലനിന്നിരുന്നില്ല. നിലനിൽക്കാൻ കഴിയുമെന്ന് അവർക്ക് ചിന്തിക്കാനും കഴിഞ്ഞില്ല. ഈ രണ്ട് കാരണങ്ങളും കർമ്മശാസ്ത്രനിയമങ്ങളുടെ



പിൻകാലരൂപങ്ങളിൽ പ്രതികൂലഫലങ്ങളുളവാക്കിയിട്ടുണ്ട്. ഇസ്‌ലാമിൽ പന്ത്രണ്ടാം നൂറ്റാണ്ടിന്ശേഷം വന്ന ബുദ്ധിരംഗത്തെ മരവിപ്പ് പ്രധാനമായും ഇക്കാരണത്താലാണ് ഉണ്ടായിട്ടുള്ളത്. അതിനുള്ള പരിഹാരം കർമ്മശാസ്ത്രനിയമങ്ങൾ മാറ്റുന്നതിലൂടെ നേടാനും സാധ്യമല്ല. മറിച്ച് ഊന്നൽ നൽകപ്പെടാതിരുന്ന മൂല്യങ്ങളെ വീണ്ടും ഉന്നയിച്ച് അവക്ക് ഊന്നൽകൊടുക്കുക മാത്രമാണ് പോംവഴി.

ഈ വീക്ഷണഗതി വെച്ചുനോക്കുമ്പോൾ മാത്രമെ ഈ ഗ്രന്ഥത്തിന്റെ തുടർന്നുവരുന്ന ഭാഗങ്ങളിൽ സവിസ്തരം വിവരിക്കുന്ന മൂല്യവർണ്ണന എത്രമാത്രം പ്രസക്തമാണെന്ന് നമുക്ക് മനസ്സിലാവുകയുള്ളു. പ്രായോഗിക ജീവിതത്തിൽ മൂല്യതകർച്ച വരുന്ന പ്രത്യേക രംഗങ്ങളും മണ്ഡലങ്ങളും സജീവമായ ഉദാഹരണങ്ങൾ എടുത്തുകാട്ടിക്കൊണ്ട് കുട്ടിയമ്മു സാഹിബ് ചേർത്തിട്ടുള്ള ലേഖനങ്ങൾ ഒരാൾക്ക് വായിച്ചു പോകാൻവേണ്ടി എഴുതപ്പെട്ടവയെല്ലാം മനഃപാഠമാക്കി വെച്ചുകൊണ്ട് ജീവിതത്തിലേക്ക് പകർത്തുവാനുള്ളവതന്നെയാണ്. ഈ പുസ്തകത്തിലെ ഓരോ ലേഖനവും സ്റ്റഡി ക്ലാസുകൾ സംഘടിപ്പിച്ചു ചർച്ച ചെയ്തു പഠിക്കേണ്ടതാണ്.

ഇനി ശ്രദ്ധേയമായി പറയേണ്ട വസ്തുത ഇസ്‌ലാം മതത്തിന്റെ വിവിധ ഭാഗങ്ങളെ സംബന്ധിച്ച് ആധുനിക മനസ്സിൽ തട്ടാവുന്ന വിഷയങ്ങളുടെ ക്രോഡീകരണമാണ്. ഇതിൽ ഒരു സാധാരണക്കാരനോ, ഒരു പണ്ഡിതന്ന് തന്നെയോ, സന്തുലിതമായി കൈക്കൊള്ളാൻ ബാദ്ധ്യസ്ഥമായ വിവിധ വസ്തുക്കൾ അതാതിന്റെ മുറയനുസരിച്ച് അടുക്കിവെച്ചിരിക്കുന്നു. അദ്ദേഹം തന്നെ തന്റെ ഗ്രന്ഥത്തെ പരിചയപ്പെടുത്തിയപ്പോൾ സാധാരണക്കാരെ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഗ്രന്ഥം എന്ന് വിശേഷിപ്പിച്ചു. എന്നാൽ അത് ശരിയല്ല എന്ന് ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഇത്ര ബൃഹത്തായ വിധത്തിൽ ഇസ്‌ലാം മതത്തിന്റെ നാനാവശങ്ങളെയും സവിസ്തരം സ്പർശിച്ചുകൊണ്ട് ഒരു ആധുനിക ഗ്രന്ഥം ഇംഗ്ലീഷിലോ മലയാളത്തിലോ കാണാൻ കഴിഞ്ഞിട്ടില്ല. താത്വികമായ വിശകലനമോ, പ്രയോഗികമായ പഠനങ്ങളോ നടത്തിക്കൊണ്ടുള്ള ഗ്രന്ഥങ്ങളാണ് അധികമായും ഈ ഭാഷകളിൽ വന്നുകൊണ്ടിരിക്കുന്നത്. അറബി ഭാഷയിലും കഥ ഒട്ടും മെച്ചമല്ല. അറബിഭാഷ രംഗത്തുവന്ന ഈ കുറവ് ആധുനിക ശാസ്ത്രരംഗങ്ങളുമായി അതിന്റെ അകന്ന്നിൽപ് മൂലമാണ് പ്രധാനമായും ഉണ്ടായിട്ടുള്ളത്. എന്നാൽ ഒരു ആധുനിക മനസ്സിനും, ബുദ്ധിക്കും ജിജ്ഞാസക്കും നേരിടാവന്ന അപകടരംഗങ്ങളെ മുന്നിൽ കണ്ടുകൊണ്ട് മതത്തിന്റെ നാനാരംഗങ്ങളും ഉന്നയിക്കുന്ന വസ്തുക്കളെയും, തെറ്റിദ്ധാരണകളെയും ആഴത്തിൽ ഈ ഗ്രന്ഥത്തിൽ

പ്രതിപാദിച്ചുകാണാം. അതോടൊപ്പംതന്നെ വ്യക്തമായ വാദപ്രതിവാദങ്ങളെ തൊടുത്തുവിടാവുന്ന വിധത്തിൽ ഒരഭിപ്രായവും ഉന്നയിക്കപ്പെടുന്നില്ല എന്നും നമുക്ക് കാണാം. ഇങ്ങനെ നബി ചരിത്രത്തിൽ ഊന്നിനിന്നുകൊണ്ട്, ആ മഹദ്ഗുണങ്ങളെ എടുത്തുന്നയിച്ചുകൊണ്ട് ഖുർആനിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ് ഒന്നാംഭാഗം.

മുപ്പത്തിഒമ്പതാമത്തെ ലേഖനം തുടങ്ങി ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തേക്ക് നാം കടക്കുന്നു. ഇവിടെ ഖുർആൻ പഠനത്തിൽ നാം സൂക്ഷിച്ചിരിക്കേണ്ട വസ്തുതകളാണ് ചർച്ച ചെയ്യപ്പെട്ടിരിക്കുന്നത്. നേർവഴി ലഭിച്ചവർക്ക് സംഭവിക്കുന്ന ഒരപകടമുണ്ട്. ഖുർആൻ അതെക്കുറിച്ച് നമുക്ക് മുന്നറിയിപ്പ് നൽകുന്നുമുണ്ട്: ലഭിച്ച പ്രകാശം കെട്ടുപോവുക. ഖുർആൻ ആഹ്വാനം ചെയ്യുന്നു.: "പറയുക, ഞങ്ങളുടെ രക്ഷിതാവെ, ഞങ്ങളെ നീ വഴികാട്ടിയശേഷം ഞങ്ങളുടെ ഹൃദയങ്ങളിൽ വ്യതിചലനം വരുത്തരുതെ!" അതായത് ലഭിച്ച നേർമാർഗത്തെ കാത്തുസൂക്ഷിക്കേണ്ടത് ഓരോ ആളുടെയും ശ്രദ്ധാപൂർവ്വമായ കർത്തവ്യമായിരിക്കണം; പ്രാർത്ഥനയായിരിക്കണം. ഇവിടെ വ്യതിചലനത്തിന്റെ ശക്തികൾ പതിയിരിക്കുന്നുണ്ട്. ആ ശക്തികളെ എടുത്തുകാട്ടുകയാണ് ഈ തീർത്ഥാടകൻ തന്റെ തീർത്ഥയാത്രയുടെ അവസാനത്തോടടുക്കുമ്പോൾ ചെയ്തിരിക്കുന്നത്. ഓറിയന്റലിസ്റ്റുകൾ എന്നറിയപ്പെടുന്ന പാശ്ചാത്യവും ഇപ്പോൾ പൗരസ്ത്യവും ആയി രംഗപ്രവേശം ചെയ്തിട്ടുള്ള മതശത്രുക്കളെ വേണ്ടുവോളം ഈ ഗ്രന്ഥത്തിൽ പൊളിച്ചുകാട്ടിയിട്ടുണ്ട്. മഴ പെയ്തുകഴിഞ്ഞിട്ടും മരം പെയ്യുന്നതുവോലെ അങ്ങിങ്ങ് സമുദായത്തിൽ തളംകെട്ടിനിൽക്കുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഈ ലിസ്റ്റിൽ സന്ദർഭോചിതമായിതന്നെ ഉൾപ്പെടുത്തിക്കാണാം. യൂറോപ്പിൽ ചരമമടഞ്ഞുകഴിഞ്ഞ യുക്തിവാദം ഇന്ത്യയിൽ ഇപ്പോൾ പുനരുജ്ജീവിച്ച്കൊണ്ട് പേക്കോലം കാട്ടുന്നുണ്ട്. തികച്ചും അശാസ്ത്രീയമായ അവരുടെ വാദങ്ങളെയും ഖണ്ഡിക്കുവാൻ ഗ്രന്ഥത്തിൽ വിട്ടുപോയിട്ടില്ല.

തുടർന്ന് ഖുർആന്റെ അത്ഭുതകരമായ സവിശേഷതകൾ പ്രത്യേകം വിവരിക്കപ്പെടുന്നു. ദൈവീകമായി ഈ ഗ്രന്ഥത്തിന് ലഭിക്കുന്ന അല്ലാഹുവിന്റെ കാവൽ സവിസ്തരം പ്രതിപാദിക്കപ്പെടുന്നു വായ്മൊഴിയായും വരമൊഴിയായും സസൂക്ഷ്മം സൂക്ഷിക്കപ്പെടുന്ന വസ്തുതയെ പരാമർശിക്കുന്നതോടൊപ്പം, ഖുർആന്റെ എഴുത്തുകല, വിഷയവിവരണം, ഭാഷ, സാഹിത്യം അവ്യക്ത സൂക്തങ്ങൾ, സുവ്യക്ത സൂക്തങ്ങൾ, അമാനുഷിക കൃത്യങ്ങൾ ഇവയൊക്കെ വേണ്ടവണ്ണം പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.



തുടർന്ന് ഖുർആൻ പഠനരീതികൾ തികച്ചും ശാസ്ത്രിയവും തനിമമുറ്റിനിൽക്കുന്നതുമായ ആവിഷ്കരണങ്ങളായി കാണാം. ഖുർആൻ പഠനത്തിന് ഖുർആൻതന്നെ അടിസ്ഥാനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെയും ഹദീസ് പഠനത്തിന് ഇതിലുള്ള പ്രധാന പങ്കിനേയും നന്നായിതന്നെ പരാമർശിച്ചിട്ടുണ്ട്. ഏറ്റവും ശ്രദ്ധേയമായ ലേഖനങ്ങളാണ് പ്രകൃതിപാഠങ്ങളും ശാസ്ത്രപാഠങ്ങളും എങ്ങനെയായിരിക്കേണമെന്ന് വ്യാഖ്യാനിക്കുന്നവ. ശാസ്ത്രത്തിന്റേതായ ഈ കാലഘട്ടത്തിൽ തികച്ചും അർഹമായ പ്രാമാണ്യം ശാസ്ത്രത്തിനും ബന്ധപ്പെട്ട ആശയങ്ങൾക്കും ഖുർആനോട് ബന്ധപ്പെടുത്തിക്കൊണ്ട് നൽകപ്പെട്ടിരിക്കുന്നു. തുടർന്ന് ഖുർആനിലെ കഥകൾ, വിശിഷ്ട സൂക്തങ്ങൾ, സൂറാകളുടെ ക്രമീകരണം ഇതിലൊക്കെയും മറ്റൊരു മലയാള ഗ്രന്ഥത്തിലും കാണാൻ കഴിയാത്ത ശ്രദ്ധേയമായ അവതരണമാണ് നമുക്ക് ലഭിക്കുന്നത്, അവസാനമായി ഖുർആൻ പരിഭാഷകളും, വ്യാഖ്യാനങ്ങളും അറബി, ഉർദു, ഇംഗ്ലീഷ്, അറബിമലയാളം, മലയാളം എന്നീ ഭാഷകളിൽ വന്നിട്ടുള്ളവയെക്കുറിച്ച് വസ്തുനിഷ്ഠമായി വിവരിക്കപ്പെടുന്നു.

ഈ വിഷയത്തിൽ വിശിഷ്ടവും അതുല്യവുമായ ഉയരത്തിലേക്കാണ് കുട്ടിയമ്മു സാഹിബിന്റെ തീർത്ഥയാത്ര നമ്മെ കൊണ്ടെത്തിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ പ്രകാശനംമൂലം മലയാള വായനക്കാരിൽ ഖുർആൻ പഠനത്തിന് അതിന്റേതായ ആക്കം നൽകാൻ കഴിയുമെന്നത് തർക്കമറ്റ സംഗതിയാണ്. ഈ മുഖവുരക്കുറിപ്പിന്റെ ആരംഭത്തിൽകുറിച്ച് വസ്തുതകൾ ഗ്രന്ഥകാരന്റെ സ്തുതി ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. പ്രത്യുത ഈ രംഗത്ത് അദ്ദേഹം കൈവരിച്ച ഒരു നേട്ടമായി സമുദായത്തിന് സ്ഥായിയായ പ്രയോജനം ഈ ഗ്രന്ഥം ചെയ്യുമെന്ന് അറിയിക്കുക മാത്രമാണെന്റെ ഉദ്ദേശം. ശക്തവും സുന്ദരവുമായ ഭാഷ, ലളിതമായ പ്രതിപാദനരീതി, സമൂർത്തമായ അവിഷ്കരണം - ഇങ്ങനെ അത്യാകർഷകമായ ഗഹനമായ ഈ കൃതിയിലേക്ക് മലയാൺമയിലെ പണ്ഡിതനെയും, വിദ്യാർത്ഥിയെയും സാധാരണക്കാരനെയും ഞാൻ ക്ഷണിച്ചുകൊള്ളട്ടെ.

അല്ലാഹുവിന്റെ നാമത്തിൽ ഭക്തിപുരസ്സരം എന്റെ ഗുരുനാഥനെന്ന് ഞാൻ കരുതുന്ന മാന്യദേഹത്തിന്റെ ഈ കൃതി 'ഖുർആൻ പഠനത്തിലേക്കൊരു തീർത്ഥയാത്ര' ബഹുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

പറവൂർ — മുട്ടാണിശ്ശേരിൽ
01-11-1984 — എം കോയക്കുട്ടി

# രണ്ടാം പതിപ്പിന്റെ അവതാരിക

1987-ൽ പരലോകം പ്രാപിച്ച ടി.പി. കുട്ടിയമ്മു സാഹിബിന്റെ 'ഖുർആൻ പഠനത്തിലേക്ക് ഒരു തീർത്ഥയാത്ര' എന്ന മഹൽഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പാണ് ഇപ്പോൾ ബഹുജനസക്ഷം സമർപ്പിക്കുന്നത്. ഇതിന്റെ ഒന്നാം പതിപ്പിന്റെ ആമുഖം ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യവും വിശേഷതകളും നന്നായി മനസ്സിലാക്കിത്തരുന്നതുകൊണ്ട് അതേപ്പറ്റി ഇവിടെ ഒന്നും പറയേണ്ടതില്ല.

ഈ ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പിൽ രണ്ടുഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം മുഹമ്മദ് നബി(സ)യെയും നബിയുടെ മഹൽഗുണങ്ങളും ജീവിതവും സ്പർശിച്ചെഴുതിയ 38 അദ്ധ്യായങ്ങളുൾക്കൊള്ളുന്നതാണ്. രണ്ടാം ഭാഗത്തിൽ ഖുർആൻ പഠനത്തിൽ സൂക്ഷിച്ചിരിക്കേണ്ട കാര്യങ്ങളാണ് പ്രതിപാദിച്ചിട്ടുള്ളത്. രണ്ടാം ഭാഗം മാത്രമാണ് ഈ രണ്ടാം പതിപ്പായി പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഖുർആൻ പഠനം വേണ്ടവിധത്തിൽ നടത്താൻ മുഹമ്മദ് നബി(സ)യുടെ ജീവിതത്തെപ്പറ്റി ആവശ്യമായത്ര അറിവുണ്ടായിരിക്കണം. ഖുർആനിലെ ആജ്ഞാനിരോധങ്ങളും മാർഗ്ഗദർശകതത്വങ്ങളും ജീവിതത്തിൽ നടപ്പാക്കാനുള്ളതാണ്. നബിയുടെ ജീവിതം ഖുർആൻ നടപ്പിലാക്കിക്കൊണ്ടു നയിച്ച മനുഷ്യർക്ക് പിൻപറ്റാനുള്ള മാതൃകയായിരിക്കുന്നു എന്നത് ഖുർആനിൽതന്നെ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളതാണ് എന്ന നിലക്ക് നബി(സ)യുടെ ജീവിതത്തെ സംബന്ധിച്ച് ആവശ്യമായ അറിവുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.

ഖുർആൻ പഠനത്തിനു സഹായകമായ വിവരങ്ങളടങ്ങുന്ന ഒന്നാം ഭാഗം ഒഴിവാക്കിക്കൊണ്ട് ഇത് പ്രസിദ്ധീകരിക്കുന്നത്, ഖുർആൻ പഠനത്തെപ്പറ്റിമാത്രം പ്രതിപാദിക്കുന്ന ഒരു ചെറുഗ്രന്ഥം ജനങ്ങൾക്ക് ലഭ്യമാകട്ടെ എന്ന ഉദ്ദേശത്തോടുകൂടിയാണെന്നറിയാം. എന്നാൽ ഇതിന്റെ പിന്നാലെ



ഒന്നാം ഭാഗവും പ്രസിദ്ധീകരിക്കാൻ ഇതിന്റെ പ്രസാധകർ ഉത്സാഹിക്കണമെന്ന് അഭിപ്രായപ്പെടുന്നു.

അറിവ് സമ്പാദിക്കുകയും, അത് ജീവിതത്തിൽ ഉപയോഗപ്പെടുത്തുകയും, ഖുർആനിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിനയാന്വിയും സ്ഥിരോത്സാഹിയുമായി ജീവിക്കുകയും ചെയ്ത മഹാനായ കുട്ടിയമ്മുസാഹിന്റെ ഈ കൃതി ഏറ്റവുമധികം ആളുകൾക്ക് ഉപകാരപ്പെടാൻ ഇടവരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**വി. മുഹമ്മദ്**
റിട്ടയേർഡ് പ്രിൻസിപ്പാൾ, ഫാറൂഖ് കോളേജ്
"പൂക്കില്ലത്ത്", പി.ഒ. ഫാറൂഖ് കോളേജ്.

## ഉള്ളടക്കം


പ്രസ്താവന

കുട്ടിയമ്മു സാഹിബ് . . .

ആമുഖം

ഒന്നാം പതിപ്പിന്റെ അവതാരിക

രണ്ടാം പതിപ്പിന്റെ അവതാരിക

1. സൂറത്തുൽ ഫാത്തിഹാ .......... 1
2. ഹിദായത്ത് : മാർഗ്ഗദർശനം .......... 12
3. ഓറിയന്റലിസ്റ്റുകളുടെ വ്യാജവാദങ്ങൾ .......... 20
4. അവിശ്വാസത്തിന്റെ തടസ്സവാദങ്ങൾ .......... 26
5. അന്ധവിശ്വാസങ്ങളുടെ മാറാലകൾ .......... 33
6. വിശ്വാസത്തിന്റെ ദിവ്യപ്രകാശം .......... 40
7. അറിവ് - ഖുർആനിൽ .......... 46
8. വിശുദ്ധ ഖുർആനിലെ ഉള്ളടക്കം .......... 56
9. ഖുർആൻ സംരക്ഷണം: വാമൊഴിയിലും വരമൊഴിയിലും .......... 68
10. അറബി കയ്യെഴുത്തുകല .......... 75
11. ഖുർആൻ: ഭാഷയും സാഹിത്യവും .......... 81
12. വിശുദ്ധ ഖുർആന്റെ രണ്ട് വശങ്ങൾ .......... 90
13. ഖുർആൻ പഠനത്തിന് ഖുർആൻ .......... 100
14. ഹദീസ് - 1 .......... 109





15. ഹദീസ് - 2 .......... 119
16. ഖുർആനും ഹദീസും .......... 128
17. പ്രകൃതിപഠനം ഖുർആനിൽ .......... 135
18. ഖുർആൻ പഠനവും ശാസ്ത്രവും .......... 144
19. ഖുർആനിലെ ശാസ്ത്രസത്യങ്ങൾ .......... 156
20. നബിമാരുടെ അമാനുഷിക കൃത്യങ്ങൾ .......... 164
21. വിശുദ്ധ ഖുർആനും ചരിത്രപഠനവും .......... 175
22. ഖുർആൻ ശരീഫിലെ ചരിത്രകഥകൾ .......... 181
23. ഖുർആൻ സൂറകളിലെ മർമ്മസൂക്തങ്ങൾ .......... 189
24. ഖുർആൻ സൂറകളിലെ ക്രമീകരണം .......... 196
25. ഖുർആൻ വ്യാഖ്യാനങ്ങൾ -1 .......... 201
26. ഖുർആൻ വ്യാഖ്യാനങ്ങൾ -2 .......... 208
27. ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും - ഉർദു .......... 215
28. ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷകളും വ്യാഖ്യാനങ്ങളും .......... 220
29. അറബി മലയാളത്തിലെ ഖുർആൻ പരിഭാഷയും വ്യാഖ്യാനവും .......... 228
30. മലയാളത്തിലെ ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും .......... 233
31. തീർത്ഥയാത്ര അവസാനിക്കുന്നില്ല .......... 243

1

# സൂറത്തുൽ ഫാത്തിഹാ

**വി**ശുദ്ധ ഖുർആൻ ആഴത്തിലും പരപ്പിലും പഠിക്കുന്നതെങ്ങനെയെന്ന് നമുക്ക് പരിശോധിക്കാം. തുടക്കമെന്ന നിലയിൽ ഒന്നാം അധ്യായമായ സൂറത്തുൽ ഫാത്തിഹായുടെ അർത്ഥവും വ്യാഖ്യാനവും മനസ്സിലാക്കുന്നത് നന്നായിരിക്കും. ഇത് വിശുദ്ധ ഖുർആന്റെ മുഖവുരയാണ്. ഇതിലൂടെ മനുഷ്യൻ അല്ലാഹുവിലുള്ള വിശ്വാസവും അവനോട് മാത്രമുള്ള വിധേയത്വവും ഏറ്റുപറയുകയും നേർവഴിയിലേക്ക് നയിക്കുവാൻ അവനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഖുർആൻ പാരായണത്തിനു മുമ്പ്

اَعُوذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيمِ

(ശപിക്കപ്പെട്ട പിശാചിൽനിന്നും ഞാൻ അല്ലാഹുവിങ്കൽ അഭയം തേടുന്നു) എന്ന് പ്രാർത്ഥിക്കണം. അല്ലാഹു പറയുന്നു:

فَاِذَا قَرَأْتَ الْقُرْآنَ فَاسْتَعِذْ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيمِ

(നീ ഖുർആൻ പാരായണം ചെയ്യുമ്പോൾ ശപിക്കപ്പെട്ട പിശാചിൽനിന്ന് അല്ലാഹുവിങ്കൽ അഭയം തേടുക) (വി.ഖു. 16:98). ഖുർആൻ ഓതുകയും പഠിക്കുകയും ചിന്തിക്കുകയും ചെയ്യുമ്പോൾ ഹൃദയം പൂർണ്ണമായും പൈശാചിക സ്വാധീനത്തിൽനിന്ന് മുക്തമായിരിക്കണം. അതിനു വേണ്ടിയാണീ പ്രാർത്ഥന.

പിന്നീട് بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ (പരമകാരുണികനും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിൽ) എന്ന് ഓതുന്നു. എന്ത് നല്ലകാര്യം

ചെയ്യുമ്പോഴും അത് അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കേണ്ടതാണ്. ഈ നിർദേശം മുൻസമൂഹങ്ങൾക്കും ബാധകമായിരുന്നു. നൂഹ്നബി(അ) തന്റെ കപ്പലിൽ സഹയാത്രികരെ കയറ്റുമ്പോൾ അവരോട് കൽപ്പിച്ച തായി ഖുർആൻ പറയുന്നു:

وَقَالَ ارْكَبُوا فِيهَا بِسْمِ اللَّهِ مَجْرِيهَا وَمُرْسِيهَا انَّ رَبِّي لَغَفُورٌ رَّحِيمٌ

(അവൻ പറഞ്ഞു. "അതിൽ കയറുവിൻ. അല്ലാഹുവിന്റെ നാമത്തിലാണ് അതിന്റെ സഞ്ചാരവും നങ്കൂരമിടലും. തീർച്ചയായും എന്റെ രക്ഷിതാവ് ഏറെ പൊറുത്തുതരുന്നവനും കരുണാനിധിയുമത്രെ) (വി.ഖു. 11:41). സുലൈമാൻ നബി(അ) ശേബാ റാണിക്കയച്ച കത്ത് ആരംഭിക്കുന്നത് 'ബിസ്മി' കൊണ്ടാണ്.

انَّهُ من سُلَيْمَنَ وَانَّهُ بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيم

(ഈ കത്ത് സുലൈമാനിൽനിന്നാണ്. ഇത്, പരമകാരുണികനും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിലുമാണ്.) (വി.ഖു.27: 30). അല്ലാഹു തിരുനബി(സ)ക്ക് നൽകിയ ആദ്യത്തെ കൽപനതന്നെ 'ബിസ്മി' കൊണ്ട് വായിക്കുവാനാണല്ലോ.

اقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ

(വായിക്കുക! അഖിലത്തെയും സൃഷ്ടിച്ച നിന്റെ നാഥന്റെ നാമത്തിൽ) (വി.ഖു. 96:1). വീണ്ടും:

اقْرَأْ وَرَبُّكَ الْأَكْرَمُ، الَّذِي عَلَّمَ بِالْقَلَمِ

(വായിക്കുക: നിന്റെ നാഥൻ അത്യുദാരനത്രെ. പേനകൊണ്ട് പഠിപ്പിച്ചവൻ!) (വി.ഖു 96 :3, 4). വീണ്ടും:

الرَّحْمَٰنُ، عَلَّمَ الْقُرْآنَ

(പരമകാരുണികൻ! ഖുർആൻ പഠിപ്പിച്ചു!) (വി. ഖു. 55 : 1-2). ഇങ്ങനെ പരമകാരുണികനും ദയാപരനുമായ അല്ലാഹുവിന്റെ നാമത്തിൽ ഖുർആൻ പാരായണം ആരംഭിക്കുന്നത് തികച്ചും ഉചിതമത്രെ.

'ബിസ്മി'ക്ക് ഖുർആനിലുള്ള സ്ഥാനത്തെപ്പറ്റി വിവിധ അഭിപ്രായങ്ങളുണ്ട്. അത് സൂറത്തുന്നംലിൽ വന്നിട്ടുള്ളതിനാൽ ഖുർആൻ ആണെന്നതിൽ സംശയമില്ല. സൂറത്തുത്തൗബ ഒഴിച്ച് എല്ലാ അധ്യായ



ങ്ങളുടെയും ആദ്യത്തിൽ അത് ഓതുവാൻ നബി(സ) പഠിപ്പിച്ചിട്ടുമുണ്ട്. ഇവിടെയെല്ലാം ഖുർആന്റെ ഒരു ഭാഗമെന്ന നിലക്കോ, അല്ല, ആരംഭത്തിലെ പ്രാർത്ഥന എന്ന നിലക്കോ എന്നതിലാണ് ഭിന്നാഭിപ്രായം. മക്കായിലെയും കൂഫായിലേയും പണ്ഡിതന്മാരുടെയും ഇമാം ശാഫിഈ(റ)യുടെയും അഭിപ്രായം ഇത് ഓരോ അധ്യായത്തിന്റെയും അവിഭാജ്യഘടകമാണെന്നാണ്. എന്നാൽ മദീനയിലെയും ബസറയിലെയും പണ്ഡിതന്മാരും ഇമാം അബൂഹനീഫ(റ)യും ഈ അഭിപ്രായം സ്വീകരിക്കുന്നില്ല. ഇത് ഖുർആൻ തന്നെയാണെങ്കിലും, എല്ലാ അധ്യായത്തിലും പ്രത്യേകം സൂക്തമായി അവർ എണ്ണുന്നില്ല. 'നംലിൽ' ഉള്ള 'ബിസ്മി'യും ആദ്യ അധ്യായമായ ഫാത്തിഹായുടെ തുടക്കത്തിലെ 'ബിസ്മി'യും ഖുർആൻ വാക്യമായും മറ്റധ്യായങ്ങളുടെ ആരംഭത്തിൽ കാണുന്ന 'ബിസ്മി' ഒരു കേവലപ്രാർത്ഥനയായും ഗണിക്കപ്പെടേണമെന്ന് പറയുന്ന പണ്ഡിതന്മാരുമുണ്ട്.

ഇനി നമുക്ക് ഈ സൂക്തങ്ങളുടെ അർത്ഥം നോക്കാം.

الْحَمْدُ لِلَّهِ رَبِّ الْعَالَمِينَ، الرَّحْمَٰنِ الرَّحِيمِ، مَالِكِ يَوْمِ الدِّينِ ، اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِينُ، اهْدِنَا الصِّرَاطَ الْمُسْتَقِيمَ، صِرَاطَ الَّذِينَ انْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ

"സർവ്വസ്തുതിയും സർവ്വലോകരക്ഷിതാവായ അല്ലാഹുവിനാകുന്നു. പരമകാരുണികൻ, ദയാപരൻ. വിധിദിവസത്തിനുടമ. നിന്നെ മാത്രം ഞങ്ങൾ വണങ്ങുന്നു; നിന്നോട്മാത്രം ഞങ്ങൾ സഹായം തേടുന്നു. നേർവഴിയിൽ ഞങ്ങളെ നീ നയിക്കേണമേ! നീ അനുഗ്രഹിച്ചവരുടെ വഴിയിൽ; കോപത്തിനിരയായവരുടെ മാർഗ്ഗമല്ല, വഴിപിഴച്ചവരുടേതുമല്ല." (വി.ഖു.1).

ദൈവം എന്നർത്ഥം വരുന്ന 'ഇലാഹി'ന്മേൽ 'അൽ' ചേർത്തിട്ടാണ് 'അല്ലാഹു' എന്ന പേർ വരുന്നത്. എല്ലാ സൃഷ്ടിജാലങ്ങളുടെയും സ്രഷ്ടാവായ ഏകദൈവത്തിന് പണ്ടുപണ്ടേ അറബിഭാഷയിലുള്ള പേരാണ് അല്ലാഹ്. മുഹമ്മദ് നബി(സ)യുടെ പിതാവ് അബ്ദുല്ല ആയിരുന്നുവല്ലോ. അറബികൾ ഇങ്ങനെ ഒരു ദൈവത്തിൽ വിശ്വസിച്ചിരുന്നു. പക്ഷേ അവനോടടുത്ത അനേകം ദേവന്മാരുണ്ടായിരുന്നുവെന്നും, അവരുടെ ശുപാർശ തങ്ങൾക്കാവശ്യമാണെന്നും അവർ കരുതി.

അത്തരം ദേവൻമാരുടെ ബിംബങ്ങളെ ആരാധിച്ചുപോന്നു. അല്ലാഹു എന്ന വാക്ക് ഏകദൈവത്തിനല്ലാതെ മറ്റാർക്കും ഉപയോഗി ച്ചിരുന്നില്ല. ഈ പദത്തിന് സ്ത്രീലിംഗമോ ബഹുവചനമോ ഇല്ല. ഏകനും അതുല്യനും സർവ്വശക്തനുമായ സ്രഷ്ടാവിന് മാത്രമായി നൽകപ്പെട്ടിട്ടുള്ള ഈ പേർ അവന്റെ സർവ്വസവിശേഷതകളും ഉൾക്കൊള്ളുന്നു. അതിനാൽ അതിന് പരിഭാഷയില്ല; മൂലപദം തന്നെയാണ് ഉപയോഗിക്കുന്നത്.

റബ്ബ് എന്നതിന് വളരെ അർത്ഥവ്യാപ്തിയുണ്ട്. രക്ഷിതാവ്, നാഥൻ, വളർത്തിക്കൊണ്ട് വരുന്നവൻ, പരിപോഷിപ്പിക്കുന്നവൻ, പരിപാലിക്കുന്നവൻ, അപൂർണ്ണതയിൽനിന്ന് പൂർണ്ണതയിലേക്കെത്തിക്കുന്നവൻ എന്നെല്ലാം അർത്ഥം പറയാം. ഒരു വസ്തു അതിന്റെ പൂർണ്ണതയിലേക്കെത്തിച്ചേരുന്നത്വരെ ഓരോരോ പടികളെ അനുക്രമമായി പ്രാപിക്കുകയും അതിന്നായി അതിനെ പരിപാലിച്ച് വളർത്തുകയും ചെയ്യുന്നവൻ എന്നാണ് ഈ പദത്തെ ഇമാം റാഗിബ് നിർവ്വചിച്ചിട്ടുള്ളത്. സർവ്വ ലോകങ്ങൾ എന്നു പറയുമ്പോൾ ഭൗതികവും ആത്മീയവുമായ ലോകങ്ങൾ വരുന്നു; ഇന്ദ്രിയഗോചരമായ മനുഷ്യലോകം (നാസൂത്ത്), മലക്കുകളുടെ അദൃശ്യലോകം (മലക്കൂത്ത്), യാഥാർത്ഥ്യത്തിന്റെ ദൈവികലോകം (ലാഹൂത്ത്) ഇങ്ങനെയും ലോകങ്ങളുണ്ട്. ഇതിലെല്ലാം തന്നെ അല്ലാഹുവാണ് സംരക്ഷകൻ. അവൻ ഏകനും അതുല്യനുമാണ്.

റഹ്മാൻ, റഹീം എന്നീ രണ്ടു പേരുകളും 'റഹ്മത്ത്' (കാരുണ്യം) എന്ന ധാതുവിൽനിന്നുദ്ഭൂതമായവയാണ്. പ്രപഞ്ചസൃഷ്ടിയിലും, പ്രകൃതിയിൽ കാണുന്ന സകല ജീവജാലങ്ങളുടെയും നിലനിൽപിനാവശ്യമായ സജ്ജീകരണങ്ങളിലും അല്ലാഹുവിന്റെ കാരുണ്യം കാണാം. ഈ കാരുണ്യത്തെയാണ് റഹ്മാൻ - പരമകാരുണികൻ- എന്ന സംജ്ഞ പ്രതിനിധാനം ചെയ്യുന്നത്. സൃഷ്ടികളഖിലവും ഈ കാരുണ്യം യാതൊരു വിവേചനവും കൂടാതെ ആസ്വദിക്കുന്നു. എന്നാൽ സ്രഷ്ടാവിനെ അംഗീകരിക്കുകയും, സ്രഷ്ടാവിൽ വിശ്വസിക്കുകയും ചെയ്യുന്ന, സൽക്കർമ്മനിരതമായ ജീവിതം നയിക്കുന്ന സജ്ജനങ്ങൾക്ക് പ്രത്യേകമായി സൃഷ്ടികർത്താവിന്റെ കാരുണ്യത്തെ കണ്ടെത്തുവാൻ സാധിക്കും. ഈ ആശയമാണ് 'റഹീം' -ദയാപരൻ- എന്ന സംജ്ഞ ധ്വനിപ്പിക്കുന്നത്. ഇങ്ങനെ റഹ്മാനും റഹീമുമായ അല്ലാഹു എന്ന് പറയുന്നതോടെ കാരുണ്യത്തിന്റെ സകല മേഖലകളും ഉൾക്കൊള്ളുന്നു.



വിധിദിവസത്തിന്റെ ഉടമയെന്നു പറയുന്നത് അല്ലാഹുവിന്റെ നീതിയെ വിളംബരം ചെയ്യുന്നു. രക്ഷകർത്താവും കാരുണികനും ആയ അല്ലാഹു രക്ഷാശിക്ഷകളുടെ അധിപനും കൂടിയാണ്. ഈ ലോകത്ത് ന്യായവും അന്യായവും, നന്മയും തിന്മയും, പരസ്പരസഹായവും അക്രമവും, ദാനധർമ്മങ്ങളും അഴിമതിയും ചൂഷണവുമെല്ലാം നടക്കുന്നു. ഇവയ്ക്കെല്ലാമുള്ള ശിക്ഷാരക്ഷകളും പ്രതിഫലവും പൂർണ്ണമായും ഈ ലോകത്തുനിന്നുണ്ടാകുന്നില്ല. അതെല്ലാം പൂർണ്ണമായും നടക്കുന്നതും കണിശമായ നീതി സ്ഥാപിതമാകുന്നതും പരലോകത്തുവെച്ചാണ്. നന്മ ചെയ്തവർക്കുള്ള അതിമഹത്തായ പ്രതിഫലം ലഭ്യമാകുന്നതും പരലോകത്തുതന്നെ. അവിടെവെച്ച് കുറ്റങ്ങൾക്ക് മനുഷ്യൻ ശിക്ഷിക്കപ്പെടുന്നത് നീതിപാലനത്തിനു വേണ്ടിയാണ്. അവിടെ അല്ലാഹുവിന്റെ സർവ്വാധിപത്യം അതിന്റെ പരിപൂർണ്ണമായ നിലയിൽ പ്രകടമാകുന്നു.

اَلْمُلْكُ يَوْمَئذ لِلّٰه يَحْكُمُ بَيْنَهُمْ فَالَّذِينَ آمَنُوا وَعَمِلُوا الصّٰلِحَاتِ فِي جَنّٰتِ النَّعِيمِ

(അന്നാളിൽ ആധിപത്യം അല്ലാഹുവിനത്രെ. അവർക്കിടയിൽ അവൻ വിധി കൽപിക്കുന്നു. എന്നാൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ അനുഗ്രഹസമ്പൂർണ്ണമായ സ്വർഗ്ഗത്തിലായിരിക്കും.) (വി.ഖു. 22:56)

മേൽപറഞ്ഞ അഞ്ചു പേരുകൾ അല്ലാഹുവിന്റെ സർവ്വഗുണങ്ങളും ഉൾക്കൊള്ളുന്നു. അസ്മാഉൽ ഹുസ്നായിലെ കമാലിയാ ഗുണങ്ങൾ റബ്ബുൽ ആലമീനിൽ പെടുന്നു. ജമാലിയാ ഗുണങ്ങൾ റഹ്മാനിലും റഹീമിലും പെടുന്നു; ജലാലിയാ ഗുണങ്ങൾ റബ്ബിലും മാലിക്കിയൗമിദ്ദീനിലും പെടുന്നു. ഈ എല്ലാ പേരുകളും എടുത്തുപറഞ്ഞുകൊണ്ട്, അല്ലാഹുവിന്നാണ് സർവ്വസ്തുതിയും എന്നുറപ്പിച്ചു പറയുകയാണ്. ഈ സ്തുതിയിൽ നന്ദിപ്രകടനവും (ശുക്ർ) ഉൾപ്പെടുന്നു. വാസ്തവത്തിൽ നന്ദിയാണ് മുന്നിട്ടുനിൽക്കുന്നത്. തന്നെ സൃഷ്ടിക്കുകയും തന്റെ ജീവിതത്തിനും വളർച്ചക്കും ആവശ്യമായ സകലതും നൽകുകയും, തന്നെ സംരക്ഷിക്കുകയും തനിക്ക് അതിമഹത്തായ ഒരു ഭാവി വാഗ്ദാനം ചെയ്യുകയും അതിന് വഴികാട്ടിത്തരികയും ചെയ്തിട്ടുള്ള ദയാപരനും കരുണാനിധിയുമായ ഏകദൈവ

ത്തിന് സ്തുതിയും നന്ദിയും പ്രകടിപ്പിക്കുകയാണ് ഈ ആദ്യത്തെ നാല് ആയത്തുകളിൽ ചെയ്യുന്നത്. അല്ലാഹു കല്പിക്കുന്നത് നോക്കുക:

قُلِ الْحَمْدُ لِلّٰهِ وَسَلَامٌ عَلٰى عِبَادِهِ الَّذِينَ اصْطَفٰى ءَاللّٰهُ خَيْرٌ اَمَّا يُشْرِكُونَ

(പറയുക: സ്തുതിയൊക്കെയും അല്ലാഹുവിനാകുന്നു. അവൻ തെരഞ്ഞെടുത്ത തന്റെ ദാസന്മാരുടെമേൽ സമാധാനം! അല്ലാഹുവാണോ അത്യുത്തമൻ, അതോ അവർ പങ്കു ചേർക്കുന്നവയോ?) (വി.ഖു. 27:59)

"നിനക്കു മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു. നിന്നോടു മാത്രം ഞങ്ങൾ സഹായമഭ്യർത്ഥിക്കുന്നു." ഇസ്‌ലാമിന്റെ കാതലായ തൗഹീദ് ഊട്ടിയുറപ്പിക്കുകയാണ് ഈ രണ്ട് വാക്യങ്ങൾ. നിന്നെ വണങ്ങുന്നു, നിന്നെ വഴങ്ങുന്നു, നിന്നോട് സഹായം തേടുന്നു എന്നല്ല, നിന്നെമാത്രം, നിന്നോടുമാത്രം എന്ന് തറപ്പിച്ചു പറയുകയാണ് ഇവിടെ ചെയ്യുന്നത്. അങ്ങനെ സകല കള്ളദൈവങ്ങളെയും, അന്ധവിശ്വാസങ്ങളെയും അബദ്ധധാരണകളെയും ഒഴിവാക്കുന്നു. സൃഷ്ടികളിൽ ശ്രേഷ്ഠനായ മനുഷ്യൻ മറ്റൊരു ശക്തിക്കും വഴങ്ങേണ്ടതില്ല - ദൈവത്തിനല്ലാതെ. മറ്റൊരാളുടെയും സഹായം തേടേണ്ടതില്ല. അവന് ദൈവത്തെ സമീപിക്കുവാൻ ശുപാർശകൾ ആവശ്യമില്ല. മുജ്ജന്മപാപം, ആദിപിതാവിന്റെ പാപം ഇതൊന്നും അവൻ ചുമക്കേണ്ടതില്ല. നക്ഷത്രങ്ങളും ജാതകവും രാഹുവും കേതുവും ഭൗതികശക്തികളും അവനെ അടിമപ്പെടുത്തുന്നില്ല. അവൻ പരിശുദ്ധനായി ജനിക്കുന്നു. സത്യവിശ്വാസവും സൽക്കർമ്മങ്ങളുംകൊണ്ട് വിജയം നേടുന്നു.

وَمَا خَلَقْتُ الْجِنَّ وَالْإِنْسَ اِلَّا لِيَعْبُدُونِ

(ഞാൻ ജിന്നിനെയും മനുഷ്യനെയും എനിക്ക് ഇബാദത്തു ചെയ്യാനല്ലാതെ [എനിക്ക് വഴങ്ങാനല്ലാതെ] സൃഷ്ടിച്ചിട്ടില്ല.) (വി.ഖു. 51:56).

وَمَآ اُمِرُوٓا اِلَّا لِيَعْبُدُوا اللّٰهَ مُخْلِصِينَ لَهُ الدِّينَ حُنَفَآءَ وَيُقِيمُوا الصَّلٰوةَ وَيُؤْتُوا الزَّكٰوةَ وَذٰلِكَ دِينُ الْقَيِّمَةِ

(സത്യമതത്തിൽ നേരെ നിൽക്കുന്നവരായി, അല്ലാഹുവിനുവേണ്ടി മതത്തെ പരിശുദ്ധമാക്കിക്കൊണ്ട്, അല്ലാഹുവിനെ വണങ്ങുകയും നമസ്കാരം നിഷ്ഠയോടെ നിർവ്വഹിക്കുകയും സകാത്ത് കൊടുക്കുകയും



ചെയ്യുന്നതിനല്ലാതെ അവരോട് കല്പിക്കപ്പെട്ടിട്ടില്ല. അതത്രെ ഋജുവായ മതം.) (വി.ഖു. 98:5)

الَّذِي خَلَقَنِي فَهُوَ يَهْدِينِ، وَالَّذِي هُوَ يُطْعِمُنِي وَيَسْقِينِ، وَاِذَا مَرِضْتُ فَهُوَ يَشْفِينِ، وَالَّذِي يُمِيتُنِي ثُمَّ يُحْيِينِ، وَالَّذِي أَطْمَعُ اَنْ يَغْفِرَ لِي خَطِيئَتِي يَوْمَ الدِّينِ، رَبِّ هَبْ لِي حُكْمًا وَأَلْحِقْنِي بِالصّٰلِحِينَ

(അവനത്രെ എന്നെ സൃഷ്ടിച്ചവൻ. എന്നിട്ട് അവൻ എനിക്ക് നേർവഴി കാണിക്കുന്നു. എന്നെ ആഹരിപ്പിക്കുകയും കുടിപ്പിക്കുകയും ചെയ്യുന്നു. എനിക്കു രോഗം ബാധിക്കുമ്പോൾ അവൻ എന്നെ സുഖപ്പെടുത്തുന്നു. എന്നെ മരിപ്പിക്കുകയും പിന്നീട് വീണ്ടും ജീവിപ്പിക്കുകയും ചെയ്യുന്നു. വിധിദിവസം എനിക്ക് എന്റെ തെറ്റ് പൊറുത്തുതരുമെന്ന് ഞാൻ പ്രത്യാശിക്കുന്നതും അവനെയാണ്. എന്റെ നാഥാ! എനിക്കു യുക്തി വിജ്ഞാനത്തെ കനിഞ്ഞേകണമേ. സജ്ജനങ്ങളോടൊപ്പം എന്നെ ചേർക്കുകയും ചെയ്യേണമെ.) (വി.ഖു. 26:78 -83)

'നേർമാർഗ്ഗത്തിൽ ഞങ്ങളെ നയിക്കേണമേ' എന്ന പ്രാർത്ഥനയാണ് അടുത്ത വാക്യം. ഈ സൂറത്തുൽ ഫാത്തിഹയിലുള്ള ഒരേയൊരു പ്രാർത്ഥനയാണിത്. നേർമാർഗ്ഗം എപ്പോഴും ഏറ്റവും നീളം കുറഞ്ഞതും പ്രയാസം കുറഞ്ഞതുമാണല്ലോ. ഇതിൽനിന്ന് വ്യതിചലിക്കുമ്പോൾ പല പ്രയാസങ്ങളും വരുന്നു. നേർമാർഗ്ഗം ഇന്നതാണെന്ന് കൽപിച്ചുതരുക മാത്രമല്ല, അതിലേക്ക് നയിക്കേണമെന്നാണ് പ്രാർത്ഥന. നേർവഴിയിൽ നിന്ന് മനുഷ്യനെ അകറ്റിനിർത്തുന്ന എല്ലാ സാഹചര്യങ്ങളിൽനിന്നും എല്ലാതരം ദേഹേച്ഛകളിൽനിന്നും കാത്തുരക്ഷിക്കുവാൻകൂടിയുള്ള പ്രാർത്ഥനയത്രെ ഇത്.

وَاَنَّ هٰذَا صِرَاطِي مُسْتَقِيمًا فَاتَّبِعُوهُ وَلَا تَتَّبِعُوا السُّبُلَ فَتَفَرَّقَ بِكُمْ عَنْ سَبِيلِهِ ذٰلِكُمْ وَصّٰىكُمْ بِهِ لَعَلَّكُمْ تَتَّقُونَ

(ഇതാണ് എന്റെ ഋജുവായ മാർഗ്ഗം എന്ന് അറിയുക. അതുകൊണ്ട് അതിനെ പിൻതുടരുക. മറ്റ് മാർഗ്ഗങ്ങൾ നിങ്ങൾ പിൻതുടരരുത്. അപ്പോൾ അവന്റെ മാർഗ്ഗത്തിൽനിന്നും അവ നിങ്ങളെ തെറ്റിച്ചുകളയും. അതാണ്

നിങ്ങളോട് അവൻ അനുശാസിക്കുന്നത്. നിങ്ങൾ ഭക്തരായിത്തീരാൻ.) (വി.ഖു. 6 : 154)

قَدْ جَاءَكُمْ مِّنَ اللّٰهِ نُورٌ وَكِتَابٌ مُّبِينٌ، يَهْدِي بِهِ اللّٰهُ مَنِ اتَّبَعَ
رِضْوَانَهُ سُبُلَ السَّلَامِ وَيُخْرِجُهُمْ مِّنَ الظُّلُمَاتِ إِلَى النُّورِ بِإِذْنِهِ
وَيَهْدِيهِمْ إِلَى صِرَاطٍ مُّسْتَقِيمٍ

(തീർച്ചയായും നിങ്ങളിൽ അല്ലാഹുവിങ്കൽനിന്നുള്ള വെളിച്ചവും സുവ്യക്തമായ വേദവും വന്നിരിക്കുന്നു. അല്ലാഹു അതുമൂലം അവന്റെ തൃപ്തിയെ പിൻപറ്റിയവരെ സമാധാനത്തിന്റെ മാർഗ്ഗങ്ങളിലേക്ക് വഴികാട്ടുകയും അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക് അവന്റെ അനുമതിയാൽ അവരെ അവൻ എത്തിക്കുകയും നേരായ മാർഗ്ഗത്തിലേക്ക് അവരെ അവൻ നയിക്കുകയും ചെയ്യുന്നു.) (വി.ഖു. 5:15,16).

"നിന്റെ അനുഗ്രഹത്തിന് പാത്രമായവരുടെ മാർഗ്ഗം, കോപത്തിനു പാത്രമായവരുടേതല്ല, വഴി പിഴച്ചവരുടേതുമല്ല" എന്നു പറഞ്ഞുകൊണ്ട് നേർമാർഗ്ഗത്തെ വിശദീകരിക്കുകയാണ് അവസാനമായി ചെയ്യുന്നത്. അതിൽ രചനാത്മകവും നിഷേധാത്മകവുമായ വ്യാഖ്യാനങ്ങൾ അടങ്ങുന്നു. നല്ല മനുഷ്യർ ചെയ്യുന്ന നല്ല പ്രവർത്തനങ്ങളിലേക്ക് നയിക്കണമെന്നും വഴിപിഴച്ചുപോയവർ പോകുന്ന പിഴച്ച മാർഗ്ഗങ്ങളിൽനിന്നും രക്ഷിക്കണമെന്നും. വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ തൃപ്തി നേടിയവർ ആരാണെന്നും, വഴിപിഴച്ചുപോയവർ ആരാണെന്നും പലേടത്തും എടുത്തുപറഞ്ഞിട്ടുണ്ട്. നല്ലവർക്കുണ്ടായ വിജയങ്ങളും, പിഴച്ചുപോയവർക്ക് വന്ന നാശനഷ്ടങ്ങളും വ്യക്തമാക്കിയിട്ടുണ്ട്.

وَمَنْ يُطِعِ اللّٰهَ وَالرَّسُولَ فَاُولٰئِكَ مَعَ الَّذِينَ اَنْعَمَ اللّٰهُ عَلَيْهِمْ مِّنَ النَّبِيِّينَ
وَالصِّدِّيقِينَ وَالشُّهَدَاءِ وَالصَّالِحِينَ وَحَسُنَ اُولٰئِكَ رَفِيقًا

(ആര് അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ, അപ്പോൾ അവർ പ്രവാചകന്മാർ, സത്യസന്ധന്മാർ, രക്തസാക്ഷികൾ, സച്ചരിതന്മാർ, എന്നിവരോടൊപ്പം അല്ലാഹു അനുഗ്രഹിച്ചവരുടെ കൂടെയാണ്. ഉത്തമമായ ഒരു സുഹൃൽസംഘവുമത്രെ അത്.) (വി. ഖു. 4 : 69)



അല്ലാഹുവിന്റെ മാർഗ്ഗദർശനം ലഭിച്ചിട്ട് അത് സ്വീകരിച്ചില്ലെന്ന് മാത്രമല്ല അതിനെ എതിർക്കുകയും അതിൽ വ്യാപൃതരായവരെ ദ്രോഹിക്കുകയും ചെയ്തവരാണ് ഒരു വിഭാഗം. മറ്റൊരു വിഭാഗം മാർഗ്ഗദർശനം സ്വീകരിച്ചു. പക്ഷേ അത് ശരിയല്ല. കൽപനകളിൽ മാറ്റത്തിരുത്തലുകൾ വരുത്തുകയും, ദേഹേച്ഛക്ക് വഴങ്ങി നേർവഴി കാട്ടുന്നവരെ എതിർക്കുകയും ചെയ്തു. യഹൂദൻമാർ ഈ വിഭാഗത്തിൽപെടുന്നു. മതത്തിൽ മായം ചേർത്തും, നബിയെ ദൈവമാക്കിയും, ദൈവപുത്രനാക്കിയും പൗരോഹിത്യം സൃഷ്ടിച്ചും, പുരോഹിതൻമാർക്കും യാഥാസ്ഥിതിക പിന്തിരിപ്പൻ ശക്തികൾക്കും കണ്ണടച്ചു വിശ്വാസം അർപ്പിച്ചും കഴിയുന്നവരാണ് വഴിപിഴച്ചവർ. ഈയിനത്തിൽ യഹൂദൻമാരും ക്രിസ്ത്യാനികളും, മുസ്‌ലിംകളിൽതന്നെ ചിലരും പെടുന്നു.

وَضُرِبَتْ عَلَيْهِمُ الذِّلَّةُ وَالْمَسْكَنَةُ وَبَاءُو بِغَضَبٍ مِّنَ اللّٰهِ ذٰلِكَ
بِأَنَّهُمْ كَانُوا يَكْفُرُونَ بِآيَاتِ اللّٰهِ

(നിന്ദ്യതയും ഹീനത്വവും അവരുടെമേൽ പതിക്കപ്പെട്ടു. അല്ലാഹുവിൽ നിന്നുള്ള കോപം അവർ ഏറ്റുവാങ്ങുകയും ചെയ്തു. അത് അല്ലാഹുവിന്റെ സന്ദേശങ്ങളെ അവർ നിഷേധിക്കുകയും ചെയ്തതുകൊണ്ടത്രെ. (വി.ഖു. 2 : 61)

مَنْ لَعَنَهُ اللّٰهُ وَغَضِبَ عَلَيْهِ وَجَعَلَ مِنْهُمُ الْقِرَدَةَ وَالْخَنَازِيرَ وَعَبَدَ الطَّاغُوتَ
اُولٰئِكَ شَرٌّ مَّكَانًا وَاَضَلُّ عَنْ سَوَاءِ السَّبِيلِ

(ആരെ അല്ലാഹു ശപിക്കുകയും ആരുടെമേൽ അവന്റെ കോപം പതിക്കുകയും ചെയ്തുവോ തങ്ങളിൽനിന്നും ആരെ അല്ലാഹു കുരങ്ങൻമാരും പന്നികളും ആക്കിക്കളയുകയും ആര് പിശാചിനെ വണങ്ങുകയും ചെയ്തുവോ അവരത്രെ സ്ഥാനം കൊണ്ട് അധികം ചീത്തയും നേർപാതയിൽനിന്നും പിഴച്ചവരും.) (വി. ഖു. 5 : 60)

قُلْ يَا اَهْلَ الْكِتَابِ لَا تَغْلُوا فِي دِينِكُمْ غَيْرَ الْحَقِّ وَلَا تَتَّبِعُوا اَهْوَاءَ قَوْمٍ
قَدْ ضَلُّوا مِنْ قَبْلُ وَاَضَلُّوا كَثِيرًا وَضَلُّوا عَنْ سَوَاءِ السَّبِيلِ

(പറയുക: അല്ലയോ വേദക്കാരേ, സത്യവിരുദ്ധമായ നിങ്ങളുടെ മതത്തിൽ നിങ്ങൾ അതിരുകവിയരുത്. മുമ്പ് വഴിപിഴച്ചുപോയ ജനതയുടെ സ്വേച്ഛകളെ നിങ്ങൾ പിന്തുടരുകയും അരുത്. അവർ അനേകംപേരെ വഴിപിഴപ്പിക്കുകയും നേർവഴിയിൽനിന്നും സ്വയം പിഴച്ചുപോകുകയും ചെയ്തു.) (വി. ഖു. 5: 77)

ചുരുക്കത്തിൽ അല്ലാഹുവെക്കുറിച്ചും അവന്റെ ഏകത്വത്തെക്കുറിച്ചുമുള്ള സമഗ്രമായ വിശ്വാസം ഊട്ടിയുറപ്പിച്ചുകൊണ്ട് അവന്ന് മാത്രം വഴങ്ങുന്നുവെന്നും അവനോട് മാത്രം സഹായം അഭ്യർത്ഥിക്കുന്നുവെന്നും തറപ്പിച്ചുപറയുന്നു. നേർവഴി കാട്ടിത്തരണമേയെന്ന് പ്രാർത്ഥിക്കുന്നു. നേർവഴിയിൽ ചരിച്ചവരുടെ മാർഗ്ഗത്തിലേക്ക് നയിക്കുവാൻ പ്രാർത്ഥിക്കുന്നു. അസ്മാഉൽ ഹുസ്നായിലെ തിരുനാമങ്ങളുടെ മുഴുവൻ അന്തഃസത്ത ഉൾക്കൊള്ളുന്നതാണ് ഫാത്തിഹായിൽ പറയുന്ന അഞ്ചു നാമങ്ങൾ. ആരാധനയും സഹായമഭ്യർത്ഥനയും അല്ലാഹുവിന് മാത്രമെന്നു പറഞ്ഞുകൊണ്ട് ഏകദൈവവിശ്വാസത്തെ ഒന്നുകൂടി ഉറപ്പിക്കുകയാണ്. 'വിധിദിനത്തിന്റെ നാഥൻ' എന്ന് പറഞ്ഞുകൊണ്ട് മരണാനന്തരജീവിതത്തിലുള്ള വിശ്വാസവും എടുത്തുപറയുകയാണ്. നേർമാർഗ്ഗത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ദൈവിക വെളിപാടിലുള്ള വിശ്വാസത്തെ എടുത്തുകാട്ടുന്നു. ഇങ്ങനെ തൗഹീദ്, മആദ്, രിസാലത്ത് എന്നീ മുഖ്യവിശ്വാസങ്ങളെല്ലാം ഇതിൽ ഉൾപ്പെട്ടു. ആരാധനകളെയും സൽസ്വഭാവത്തെയും കാട്ടുന്ന ഭാഗങ്ങളും ഉണ്ട്. ദൈവാനുഗ്രഹം സിദ്ധിച്ച നല്ലവരെയും അവന്റെ കോപത്തിന് പാത്രമായവരെയും എടുത്തുകാട്ടുന്നതും അർത്ഥഗർഭമാണ്. വിശുദ്ധ ഖുർആനിൽ ഇതെല്ലാംതന്നെയാണുള്ളത്. വിശ്വാസകാര്യങ്ങൾ, കർമ്മാനുഷ്ഠാനങ്ങൾ, സ്വഭാവസംസ്കരണ ചരിത്രകഥകൾ, ദൈവിക ദൃഷ്ടാന്തങ്ങൾ- ഇങ്ങനെ വിശുദ്ധ ഖുർആന്റെ ആകത്തുകയാണ് സൂറത്തുൽ ഫാതിഹ.

'ഫാത്തിഹത്തുൽ കിത്താബ്' എന്നതുകൊണ്ട് ഖുർആനിന്റെ മുഖവുര എന്നാണുദ്ദേശിക്കുന്നത്. ഫാതിഹ തീർച്ചയായും ഒരൊന്നാംതരം മുഖവുര തന്നെ. 'ഉമ്മുൽ ഖുർആൻ' - ഖുർആനിന്റെ ഉറവിടം, 'അൽകാഫിയ' - പരിപൂരകം, 'അൽകൻസ്' - നിധിനിലയം, 'അസാസുൽ ഖുർആൻ' - ഖുർആന്റെ അടിസ്ഥാനം എന്നിങ്ങനെ പല പേരുകളും ഈ സൂറത്തിന് നൽകപ്പെടാറുണ്ട്. മേൽപറഞ്ഞ വിവരണത്തിൽനിന്ന് അതെല്ലാം അർത്ഥപൂർണ്ണമാണെന്ന് വ്യക്തമാകുന്നുണ്ടല്ലോ. അല്ലാഹുതന്നെ അതിനെപ്പറ്റി പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ് :



وَلَقَدْ ءَاتَيْنَٰكَ سَبْعًا مِّنَ الْمَثَانِي وَالْقُرْءَانَ الْعَظِيمَ

(ആവർത്തിച്ചുരുവിടുന്ന ഏഴ് സൂക്തങ്ങളും ഖുർആനും നിനക്ക് തീർച്ചയായും നാം നൽകിയിട്ടുണ്ട്.) (വി. ഖു. 15:87). നമസ്കാരത്തിലും മറ്റുമായി പല പ്രാവശ്യവും ഓതുന്ന സൂറത്തായതുകൊണ്ടാണ് ഈ പേർ നൽകപ്പെട്ടത്. സാധാരണ നിലയിൽ 17 പ്രാവശ്യം ദിനേന നമസ്കാരത്തിൽ മാത്രം ഫാതിഹ ഓതപ്പെടുന്നു. ഒരു പ്രാർത്ഥനാരൂപത്തിലാണ് വിശുദ്ധ ഖുർആനിലെ സന്ദേശം മുഴുവനും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രാർത്ഥനയിലും നിഷ്കളങ്കത(ഇഖ്‌ലാസ്)യോടെ ഇത് ഉരുവിടുമ്പോൾ അതുൾക്കൊള്ളുന്ന വിശ്വാസാദർശങ്ങൾ ഉള്ളിൽ തുളഞ്ഞുകയറുന്നു. അതിന്റേതായ സംസ്കാരം പ്രാവർത്തികമാവുകയും ചെയ്യുന്നു. വെറും ഏഴ് സൂക്തങ്ങൾ. ഓരോ സൂക്തത്തിലും 2 മുതൽ 5 വരെ മാത്രം പദങ്ങൾ. ഇത്രയും ചെറിയ ഒരു അധ്യായത്തിൽ എത്ര മഹത്തായ ആദർശപ്രഖ്യാപനവും പ്രാർത്ഥനയും ഉൾക്കൊള്ളുന്നു. ഇത്രയും അർത്ഥഗർഭവും സാരസമ്പൂർണ്ണവുമായ ഒരു പ്രാർത്ഥന വേറെ ഇല്ലതന്നെ.

# ഖുർആൻ പഠനത്തിലേക്ക്
# ഒരു തീർത്ഥയാത്ര

## QUR'AN PADANATHILEKKU
## ORU THEERTHAYATHRA

ടി.പി. കുട്ടിയമ്മു
(റിട്ട. ചീഫ് എഞ്ചിനീയർ, കേരള)

പ്രസാധനം
കുട്ടിയമ്മു സാഹിബ് ട്രസ്റ്റ് (റജി:)
കോഴിക്കോട് - 673 011